ശമ്പള കമ്മിഷൻ.

258. [14] ശ്രീ. സി. കെ. വിശ്വനാഥൻ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഗവണ്മെൻറിൽനിന്നു നിയമിച്ചിട്ടുള്ള ശമ്പളക്കമ്മിഷന്റെ പ്രവർത്തനകാലാവധി ആദ്യം നിശ്ചയിച്ചിരുന്നതു് എത്രമാസമാണു്;

(ബി) അതു പിന്നീടു് വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രമാസം;

(സി) ഈ കമ്മിഷൻ മുമ്പു് ഗവണ്മെൻറിൽ നിന്നു നിശ്ചയിച്ചിരുന്ന ശമ്പളക്കമ്മിഷൻ, ഗവണ്മെൻറിലേക്കു് സമർപ്പിച്ച റിപ്പോർട്ടിലെ പൊതുതത്വങ്ങൾ അടിസ്ഥാനമാക്കിയാണോ പ്രവർത്തിച്ചിട്ടുള്ളതു്;

(ഡി) ശമ്പളക്കമ്മിഷന്റെ പ്രവർത്തനം സംബന്ധിച്ചു ഗവണ്മെൻറു് എതെങ്കിലും പൊതുനിർദ്ദേശം നൽകിയിരുന്നോ;

(ഇ) കമ്മിഷനംഗങ്ങളുടെ അലവൻസു്, സഞ്ചാരപ്പടി ഇവ ഓരോ ഇനത്തിലും എന്തുതുക വീതമായിട്ടുണ്ടു്;

(എഫ്) കമ്മിഷന്റെ പ്രവർത്തനങ്ങൾക്കു് മൊത്തം എന്തു സംഖ്യ ചെലവഴിച്ചു?

ഉത്തരം.

(എ) മൂന്നുമാസം.

(ബി) കാലാവധി രണ്ടുമാസംകൂടി ദീർഘിപ്പിച്ചു.

(സി) സംയോജനത്തിനു് മുമ്പു് തിരുവിതാംകൂറിൽ പ്രവർത്തിച്ചിരുന്ന ശമ്പളപരിഷ്കരണകമ്മിറ്റി ഗവണ്മെൻറിനു് റിപ്പോർട്ടു് സമർപ്പിച്ചിട്ടില്ല.

(ഡി) ഗവണ്മെൻറു് പാസ്സാക്കിയ ശമ്പളപരിഷ്കരണ ഉത്തരവുകൾ പുനഃപരിശോധനചെയ്തു് അവയിലെ വൈകല്യങ്ങളും മറ്റും പരിഹരിക്കുന്നതിനു് വേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനാണു് പ്രകമ്മിഷൻ നിയമിച്ചിരുന്നതു്.

(ഇ) കമ്മിഷനംഗങ്ങളുടെ ആണറേറിയമായി രൂപ 12,870 അണ 15-ും ചെലവായിട്ടുണ്ടു്.

(എഫ്) രൂപ 24,037 അണ 4 പൈ 6 ചെലവായിട്ടുണ്ടു്.

ആലുവാ സബ്ഡിവിഷൻ മജിസ്ട്രേട്ടുകോടതി.

259. [15] ശ്രീ. ടി. ഒ. ബാവാ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) ആലുവാ സബ്ഡിവിഷൻ മജിസ്ട്രേട്ടുകോടതി എന്നാണു് സ്ഥാപിതമായതു്;

(ബി) അതു നിറുത്തലാക്കാൻ പ്രത്യേക വല്ല കാരണവുമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly